പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1211 — 13.12.2012 ൽ മറുപടിയ്ക്ക്

## പുതിയങ്ങാടി വില്ലേജിൽ പട്ടയം ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ

ചോദ്യം — ഉത്തരം

ശ്രീ.എ.പ്രദീപ് കുമാർ — ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിൽ പട്ടയം ലഭിക്കുന്നതിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ; | എ) | കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിൽ പട്ടയം ലഭിക്കുന്നതിന് 95 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഇവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | ബി) | തീരദേശ പുറമ്പോക്ക് ഭൂമിയായതിനാൽ പട്ടയം നൽകുന്നതിന് പോർട്ട്, ഫിഷറീസ് വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. തുറമുഖ പരിധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ഉള്ളിലായി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പട്ടയ വിതരണത്തിന് നിരാക്ഷേപ പത്രം അനുവദിക്കാൻ നിർവ്വാഹമില്ലെന്നും തുറമുഖ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവ്വെ നടപടികൾ സ്വീകരിച്ചു വരുന്നതായും തുറമുഖ ഭൂമി പൂർണ്ണമായും സർവ്വെ നടത്തിക്കഴിയുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും പോർട്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. തുറമുഖ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കാവുന്നതാണ്. |

Rajeev

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്